**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **03-03-2025 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023 നവംബർ മാസത്തിൽ സി-ഡിറ്റിൽ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് ചില ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് അനുമതി ആവശ്യപ്പെട്ടു വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഈ ഉദ്യോഗസ്ഥരെന്ന് അറിയിക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 02/11/2023 തീയതിയിൽ സി-ഡിറ്റ് എന്ന സ്ഥാപനത്തിൽ വി.എ. സി.ബി., സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - ന്റെ നേതൃത്വത്തിൽ ഒരു മിന്നൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ നൽകിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | 2016 ജൂൺ മാസം മുതൽ സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ഇ-ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ ഉള്ള എത്ര പർച്ചേസ്, വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ടെന്നും അവ ആർക്കൊക്കെയാണ് നൽകിയതെന്നും അറിയിക്കുമോ; സി-ഡിറ്റ് പർച്ചേസ് വിഭാഗം മുഖേനയല്ലാതെ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗം നേരിട്ട് എത്ര പർച്ചേസ്, വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | 2016 ജൂൺ മാസം മുതൽ 2024 ഡിസംബർ വരെ സി-ഡിറ്റിൽ നിന്നും ഒന്നോ അതിലധികമോ പർച്ചേസ്, വർക്ക് ഓർഡറുകൾ മുഖേന രണ്ടു കോടിയിലധികം തുക കൈപ്പറ്റിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെ പർച്ചേസ്, വർക്കുകൾക്ക് എത്ര തുക വീതം വാങ്ങി എന്നുള്ള വിവരം തീയതിയും രേഖകളും സഹിതം ലഭ്യമാക്കുമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ